24-09-2022

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Suraj S.** **Editor : Dr. Saritha Vijayan K.**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-24/09/2022.

1. പി എം കിസാൻ ഗുണഭോക്താക്കളായ കർഷകർക്ക് ഭൂമി സംബന്ധമായ വിവരങ്ങൾ, e-KYC എന്നിവ ചേർക്കുന്നതിനുള്ള സമയപരിധി സെപ്റ്റംബർ 30 വരെ നീട്ടി. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സ്വന്തം പേരിലുള്ള കർഷകർ സെപ്റ്റംബർ 30-നു മുൻപായി കൃഷിവകുപ്പിന്റെ എയിംസ് പോർട്ടൽ (www.aims.kerala.gov.in) മുഖേന സ്വന്തം പേരിലുള്ള ഭൂമിയുടെ വിവരങ്ങൾ ReLIS പോർട്ടലിൽ അടിയന്തിരമായി ചേർക്കേണ്ടതുണ്ട്. റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) പോർട്ടലിൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ലാത്ത കർഷകർ ആയത് ഉൾപ്പെടുത്തുന്നതിന് വില്ലേജ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. എല്ലാ പി എം കിസാൻ ഗുണഭോക്താക്കളും സെപ്റ്റംബർ 30-നു മുൻപായി നേരിട്ട് pm-kisan പോർട്ടൽ വഴിയോ, അക്ഷയ, ഡിജിറ്റൽ സേവന കേന്ദ്രങ്ങൾ വഴിയോ eKYC പൂർത്തിയാക്കണം. സ്വന്തം കൃഷിഭൂമിയുടെ വിവരങ്ങൾ സമർപ്പിക്കൽ, eKYC നടപടിക്രമം എന്നിവ മേൽപ്പറഞ്ഞ സമയപരിധിക്കുള്ളിൽ പൂർത്തിയാകാത്ത ഗുണഭോക്താക്കൾക്കു പദ്ധതിയുടെ തുടർന്നുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് കാർഷിക വിവര സങ്കേതം ടോൾഫ്രീ നമ്പർ **1800 -425 -1661** ലോ, പി എം കിസാൻ സംസ്ഥാന ഹെൽപ് ഡെസ്ക് നമ്പറായ **0471 – 2964022, 2304022** ലോ ബന്ധപ്പെടാവുന്നതാണ്.

2. കുട്ടനാട്ടിൽ രണ്ടാം കൃഷി ഇറക്കിയ പാടശേഖരങ്ങളിൽ ബാക്ടീരിയൽ ഇല കരിച്ചിൽ രോഗം കണ്ടു വരുന്നു. നെല്ലിന്റെ കൊതുമ്പ് പരുവത്തിൽ കണ്ടു വരുന്ന ഈ രോഗം നെല്ലോലകളിൽ ഓറഞ്ച് കലർന്ന മഞ്ഞനിറത്തിൽ ഇരുവശങ്ങളിലൂടെ താഴേക്ക് വ്യാപിക്കുന്ന കരിച്ചിൽ ആയാണ് കണ്ടുവരുന്നത്. നിലവിലുള്ള വെയിലും ഇടവിട്ടുള്ള ശക്തമായ കാറ്റും മഴയും, മണ്ണിലെ അധിക അമ്ലതയും, അതുമൂലമുണ്ടാകുന്ന വളകുറവും പാടങ്ങളിൽ വെള്ളം കെട്ടി നിൽക്കുന്നതും രോഗത്തിന്റെ തീവ്രത വർധിപ്പിക്കുന്നതിന് കാരണമാകുന്നു. രോഗം ബാധിച്ച ഇലകളിൽ നിന്നും ചാറ്റൽമഴയിൽ മറ്റ് ഇലകളിലേക്ക് രോഗം വ്യാപിക്കുന്നു. രോഗ ലക്ഷണം കണ്ടാൽ പച്ചചാണകം 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി കുറഞ്ഞത് അഞ്ച് മണിക്കൂറെങ്കിലും വച്ചശേഷം തെളിയൂറ്റി തളിക്കുകയോ സ്യൂഡോമോണാസ് 20 ഗ്രാം

ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുകയോ ചെയ്യുക. ഏക്കറിന് രണ്ട് കിലോഗ്രാം എന്ന തോതിൽ ബ്ലീച്ചിംഗ് പൗഡർ ചെറിയ കിഴികളിലാക്കി വെള്ളം കയറ്റുമ്പോൾ തൂമ്പിൽ ഇടുന്നത് വെള്ളത്തിലൂടെ രോഗവ്യാപനം തടയും. കൂടുതൽ വിവരങ്ങൾക്ക് മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രവുമായോ, **0477– 2702245, 9447565946** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

3. മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന 29 ബ്ലോക്ക് തല മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കുന്നതിനായി ജീവനക്കാരെ കരാറടിസ്ഥാനത്തിൽ വെറ്ററിനറി സർജൻ, പാരാവെറ്റ്, ഡ്രൈവർ കം അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്ക് ജില്ലാതലത്തിൽ വാക് -ഇൻ -ഇന്റർവ്യൂ വഴി താൽക്കാലിക നിയമനം നടത്തുന്നു. 2022 സെപ്റ്റംബർ 28, 29 തീയതികളിൽ അതാത് ജില്ലാ മൃഗസംരക്ഷണ ഓഫീസുകളിലാണ് ഇന്റർവ്യൂ. കൂടുതൽ വിവരങ്ങൾ കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ വെബ്സൈറ്റിലും (https://ksvc.kerala.gov.in) ജില്ലാ മൃഗസംരക്ഷണ ഓഫീസുകളിലും ലഭ്യമാണെന്ന് മൃഗസംരക്ഷണ ഡയറക്ടർ അറിയിച്ചു.

4. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കോളേജ് ഓഫ് കോ-ഓപ്പറേഷൻ, ബാങ്കിങ് & മാനേജ്മെന്റിൽ 2022-23 അദ്ധ്യയന വർഷത്തെ എം.ബി.എ. (അഗ്രി. ബിസിനസ്സ് മാനേജ്മെന്റ്) കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി പുനർവിജ്ഞാപനം പുറപ്പെടുവിച്ചു. യോഗ്യത, അപേക്ഷാ ഫീസ് എന്നിവയടക്കമുള്ള വിശദമായ പ്രോസ്പെക്ടസ് ഡൗൺലോഡ് ചെയ്യുന്നതിനും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും സർവകലാശാലയുടെ വെബ്സൈറ്റ് www.admissions.kau.in സന്ദർശിക്കുക. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 30 ആണ് (30/09/2022).

5. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ സർക്കാർ ഹാച്ചറിയിൽ വികസിപ്പിച്ചെടുത്ത അത്യുൽപ്പാദന ശേഷിയുള്ള ഗ്രാമപ്രിയ ഇനത്തിൽപ്പെട്ട മുട്ടക്കോഴി കുഞ്ഞുങ്ങളെ കോഴി ഒന്നിന് 120 രൂപ നിരക്കിൽ കുളത്തൂപ്പുഴ മൃഗാശുപത്രി വഴി ഒക്ടോബർ 03-ന് വിതരണം നടത്തുന്നതാണെന്ന് സീനിയർ വെറ്ററിനറി സർജൻ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **9447110978, 9048989184** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടികൾ

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെൻററിൽ വെച്ച് **ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ്** എന്ന വിഷയത്തിൽ ഈ മാസം **26, 27, 28** (സെപ്റ്റംബർ 26,27,28) തീയതികളിൽ ത്രിദിന പരിശീലനപരിപാടി സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ **0487-2370773** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

7. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. പേര് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി സെപ്റ്റംബർ 30 വൈകുന്നേരം 5 മണി വരെയാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേരെ പങ്കെടുപ്പിക്കും. കൂടുതൽ വിവരങ്ങൾക്ക് **0471-2501706, 9400831831** എന്നീ ഫോൺ നമ്പരുകളിൽ വിളിക്കുകയോ വാട്ട്സാപ്പ് സന്ദേശം അയയ്ക്കുകയോ ചെയ്യുക.

8. നായ, പൂച്ച, അലങ്കാര പക്ഷികൾ, പുതിയ ഇനം ഓമന മൃഗങ്ങൾ എന്നിവുടെ പരിചരണം, തീറ്റക്രമം, അസുഖങ്ങൾ, പ്രാഥമിക ചികിത്സ വളർത്താനുള്ള ക്രമങ്ങൾ, ലൈസൻസിങ്ങ്, വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ എന്നീ സാങ്കേതിക വിഷയങ്ങളും, പേവിഷബാധ പ്രതിരോധിക്കാനുള്ള പ്രത്യേക ക്ലാസ്സുകളും അടങ്ങിയ ഏകദിന പരിശീലന പരിപാടി തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നടത്തപ്പെടുന്നു. പരിശീലന ഫീസ് 500/- രൂപ. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവൃത്തി ദിനങ്ങളിൽ രാവിലെ 10 മുതൽ 4 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യുക

9. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽസംഭരണം; സാന്ദ്രീകരണം; ലാറ്റക്സ് കോമ്പൗണ്ടിങ്ങ്; ഉത്പന്നങ്ങളുടെ രൂപകൽപന; ഗുണമേന്മാനിയന്ത്രണം; റബ്ബർബാൻഡ്, കൈയ്യുറ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലുള്ള പരിശീലനം സെപ്റ്റംബർ 26 മുതൽ 30 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## കാർഷിക നിർദ്ദേശങ്ങൾ

10. തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ്സാഷെ ഒരു പായ്ക്കറ്റിൽ 5 ഗ്രാം വീതം മൂന്ന് എണ്ണം ഓരോ തെങ്ങിന്റേയും കൂമ്പിനു ചുറ്റുംവയ്ക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം